(എ) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ;

(സി) ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) രൂപം നൽകിയിട്ടുണ്ട്.

(ബി) കന്നുകാലികൾക്ക് മരണമോ മറ്റ് അപകടങ്ങളോ സംഭവിക്കുന്നതുമൂലം കർഷകനുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് സംരക്ഷണം ഉറപ്പാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ധനസഹായത്തോടെ കേരള ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും മൃഗസംരക്ഷണ വകുപ്പും സംയുക്തമായിട്ടാണ് ഗോസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ ഒരു ഘടക പദ്ധതിയാണ് ഗോസുരക്ഷാ ഇൻഷ്വറൻസ് സ്കീം. പുതുക്കിയ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈ പദ്ധതിയിൽ പശു, എരുമ, ആട്, പന്നി, മുയൽ തുടങ്ങിയവയ്ക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതാണ്. ഈ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ ആകെ പ്രീമിയത്തിന്റെ 25% മുതൽ 60% വരെ വിവിധ വിഭാഗങ്ങൾക്കായി നൽകുന്നതാണ്. ഗോസുരക്ഷാ പദ്ധതിക്കായി നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രൊപ്പോസൽ സമർപ്പിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തീറ്റപ്പുല്ല് ക്ഷാമം

197 (4237) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര കർഷകർക്ക് തീറ്റപ്പുല്ല് ക്ഷാമംമൂലം പലപ്പോഴും ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നുണ്ടെന്നും ഇത് കർഷകരെ ഈ മേഖലയിൽനിന്നും പിന്തിരിയാൻ പ്രേരിപ്പിക്കുന്നുണ്ടെന്നുമുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കർഷകർക്ക് തീറ്റപ്പുല്ല് നൽകുന്നതിനും തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ ;

(സി) കർഷകർക്ക് വർഷം മുഴുവൻ തീറ്റപ്പുൽ എത്തിക്കുന്ന തരത്തിലുള്ള പദ്ധതികൾ ക്ഷീര സഹകരണ സംഘങ്ങൾവഴി നടപ്പിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം നൽകാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പാണ് നടപ്പിലാക്കുന്നത്. വർഷം മുഴുവൻ നിൽക്കുന്ന തീറ്റപ്പുൽ കൃഷി, ചെലവ് കുറഞ്ഞതും ശാസ്ത്രീയവുമായ ഫീഡിംഗ് രീതി, കുറവപ്പശുക്കളുടെ ആരോഗ്യം, പാലിന്റെ ഗുണനിലവാരം, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, ഉല്പാദകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നീ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് തീറ്റപ്പുൽ കൃഷിക്കുള്ള സഹായം, നടീൽ വസ്തുക്കളുടെ വിതരണം, അസോള, ചോളം, തീറ്റപ്പുൽ എന്നീ കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതി, ഹൈഡ്രോപോണിക് തീറ്റപ്പുൽകൃഷിരീതി എന്നിവ നടപ്പിലാക്കിവരുന്നു.

ക്ഷീരവകുപ്പിന് കീഴിലുള്ള മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയനിലും കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിലും 20 ലക്ഷം രൂപ ചെലവഴിച്ച് 60 ഹെക്ടർ സ്ഥലത്ത് പുൽകൃഷി നടത്തുന്നതിനുള്ള സ്കീം ഈ വർഷം നടപ്പിലാക്കുന്നുണ്ട്. എറണാകുളം മേഖല യൂണിയൻ 2015-16 വർഷം വാണിജ്യാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷി നടത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിച്ചുകൊണ്ട് പച്ചപ്പുല്ല് ആവശ്യക്കാരായ ക്ഷീരകർഷകർക്ക് എത്തിച്ച് കൊടുക്കുന്നതിനുള്ള ഒരു വിതരണ ശൃംഖല സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. അധികമായി ഉൽപ്പാദിപ്പിക്കുന്ന പച്ചപ്പുല്ല് സൈലോബാഗുകൾ ഉപയോഗിച്ച് സൈലേജ് ആക്കി മാറ്റി സൂക്ഷിച്ച് വയ്ക്കുവാനും വേനൽ മാസങ്ങളിൽ വിതരണം ചെയ്യാനും പദ്ധതിയുണ്ട്. മിൽമയുടെ മലബാർ മേഖലാ യൂണിയൻ പുൽവിത്ത് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്.

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ വനിതകളുടെ സ്വയം സഹായക ഗ്രൂപ്പ് സംരംഭമായി "ഗോപാലിക" എന്ന പേരിൽ തീറ്റപ്പുൽ കൃഷിക്കും വിപണനത്തിനുമായുള്ള പദ്ധതി നടപ്പുവർഷം ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly